## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. V. VIGNESHWARI. IAS )

വിഷയം:- വനിത ശിശു വികസന വകുപ്പ് –അങ്കണവാടി പ്രവർത്തകരുടെ 2026 മെയ് മാസത്തെ (2026ജൂൺ മാസം ചെലവഴിക്കുന്നത് ) തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിത ഹോണറേറിയം - അനുവദിച്ചുത്തരവാകുന്നു.

പരാമർശം:
1. സ.ഉ. (സാധാ) നം 263/2024 WCDD തീയതി 25-07-2024
2. സ.ഉ. (സാധാ) നം 115/2024 WCDD തീയതി 16-03-2024
3. സീനിയർ ഫിനാൻസ് ഓഫീസറുടെ 02-09-2024 ലെ DWCD/1542/2024-A3 നമ്പർ കുറിപ്പ്

**ഉത്തരവ് നം: DWCD/1841/2026-ICDSB6 തീയതി: 01-06-2026**

വനിത ശിശു വികസന വകുപ്പിൻ കീഴിലെ അങ്കണവാടി പ്രവര്ത്തകര്ക്കുള്ള ഹോണറേറിയം 60:40 അനുപാതത്തില് കേന്ദ്ര-സംസ്ഥാന സര്ക്കാര് അനുവദിക്കുന്ന വേതനം, സംസ്ഥാന സര്ക്കാര് അനുവദിക്കുന്ന അധിക വേതനം, തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം എന്നീ മൂന്നു തരത്തില് പ്രതിമാസം അനുവദിച്ചു വരുന്നു. സംസ്ഥാനത്തെ 33120 അങ്കണവാടികളിലെ വർക്കർ, ഹെൽപ്പർമാർക്ക്, 2026 മെയ് (2 0 2 6 ജൂൺ മാസം ചെലവഴിക്കുന്നത്) തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിത ഹോണറേറിയം തുക അനുവദിക്കേണ്ടതുണ്ട്.

ഹോണറേറിയം തുക അനുവദിക്കുന്ന 2235-02-102-34 (NP) ശീർഷകത്തിൽ ഫണ്ട് ലിമിറ്റ് ഉയർത്തി നൽകുന്നതിലേക്കായി സർക്കാരിലേക്ക് അനുമതി ആവശ്യപ്പെട്ടു വരികയാണ്. എന്നാൽ 2024 ആഗസ്റ്റ് മാസം മുതൽ ഫണ്ട് ലിമിറ്റ് ഉയർത്തുന്നതിന് അതത് മാസങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിത ഹോണറേറിയം തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതായി പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ അങ്കണവാടി പ്രവർത്തകരുടെ, 2026 മെയ് (2026 ജൂൺ മാസം ചെലവഴിക്കുന്നത്) മാസത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിത ഹോണറേറിയം നൽകുന്നതിന് ആവശ്യമായ 12,08,88,000/- രൂപയിൽ നിന്ന് ജില്ലകളിൽ

അവശേഷിക്കുന്ന തുകയായ 40,56,070/- രൂപ കുറച്ച് 11,68,31,930/- (പതിനൊന്ന് കോടി അറുപത്തി എട്ട് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി തൊള്ളായിരത്തി മുപ്പത്) രൂപ മാത്രം 2235-02-102-34 (NP) ശീർഷകത്തിൽ നിന്നും 14 ജില്ലാ വനിതാ ശിശു വികസന ആഫീസർമാർക്ക് ചുവടെ ചേർക്കും പ്രകാരം അനുവദിച്ചുത്തരവാകുന്നു.

**അങ്കണവാടി പ്രവർത്തകരുടെ ഹോണറേറിയം**

**LSGD Share - H/A :2235-02-102-34 (NP)**

**മെയ് 2026**

| ക്രമ നം | ജില്ല | അങ്കണവാടികളുടെ എണ്ണം | ഒരു മാസം പ്രതീക്ഷിക്കുന്ന പരമാവധി ചെലവ് (AWW @ Rs.2200/- & AWH @ Rs.1450/-) | ഇതുവരെ അലോട്ട് ചെയ്ത തുക | കഴിഞ്ഞ മാസം വരെയുള്ള ചെലവ് | ജില്ലകളിൽ അവശേഷിക്കുന്ന തുക | 2026 മെയ് മാസത്തെ ഹോണറേറിയം നൽകുന്നതിനായി അനുവദിക്കുന്നതുക |
|---|---|---|---|---|---|---|---|
| I | II | III | IV | V | VI | VII | VIII |
| 1 | Thiruvananthapuram | 3061 | 11172650 | 21934449 | 21480246 | 454203 | 10718447 |
| 2 | Kollam | 2723 | 9938950 | 19513991 | 19067588 | 446403 | 9492547 |
| 3 | Pathanamthitta | 1389 | 5069850 | 9978051 | 9781185 | 196866 | 4872984 |
| 4 | Alapuzha | 2150 | 7847500 | 15400316 | 15107684 | 292632 | 7554868 |
| 5 | Kottayam | 2050 | 7482500 | 14746005 | 14464898 | 281107 | 7201393 |
| 6 | Idukki | 1561 | 5697650 | 11165376 | 10910083 | 255293 | 5442357 |
| 7 | Ernakulam | 2858 | 10431700 | 20514966 | 20133412 | 381554 | 10050146 |
| 8 | Thrissur | 3016 | 11008400 | 21734749 | 21386722 | 348027 | 10660373 |
| 9 | Palakkad | 2838 | 10358700 | 20445894 | 20170773 | 275121 | 10083579 |
| 10 | Malappuram | 3808 | 13899200 | 27485819 | 27156655 | 329164 | 13570036 |
| 11 | Kozhikkodu | 2938 | 10723700 | 21159411 | 20822261 | 337150 | 10386550 |
| 12 | Wayanad | 876 | 3197400 | 6313998 | 6229561 | 84437 | 3112963 |
| 13 | Kannur | 2504 | 9139600 | 18044298 | 17807542 | 236756 | 8902844 |
| 14 | Kasargod | 1348 | 4920200 | 9743013 | 9605656 | 137357 | 4782843 |
| | *Total* | *33120* | *120888000* | *238180336* | *234124266* | *4056070* | *11,68,31,930* |

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ മേൽ പട്ടികയുടെ അടിസ്ഥാനത്തിൽ അങ്കണവാടി

പ്രവർത്തകരുടെ 2026 മെയ് മാസത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിത ഹോണറേറിയം അലോട്ട്മെന്റായി ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് നൽകേണ്ടതാണ്.

അങ്കണവാടി പ്രവർത്തകരുടെ തദ്ദേശ സ്വയഭരണ സ്ഥാപന വിഹിത ഹോണറേറിയം ഇനത്തിൽ ആവശ്യമായ തുക, 11,68,31,930/- (പതിനൊന്ന് കോടി അറുപത്തി എട്ട് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി തൊള്ളായിരത്തി മുപ്പത്) രൂപ മാത്രം 2235-02-102-34 (NP) ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

പകർപ്പ് :

1. സൂപ്രണ്ട് അക്കൗണ്ട് സെക്ഷന്
2. എല്ലാ ശിശുവികസനപദ്ധതി ഓഫീസര്മാർക്കും
3. വെബ് സൈറ്റില് പ്രസിദ്ധീകരിക്കുന്നതിന്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്